# ഭാഗം 5 കാരകം, സമാസം, തദ്ധിതം, കൃത്ത്

**ഉള്ളടക്കം**


5.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
5.1 ആമുഖം
5.2 കാരകം
പുരോഗതി പരിശോധിക്കുക - 1
5.3 സമാസം
5.4 തനിമലയാളസമാസങ്ങൾ
5.4.1 ക്രിയാ സമാസങ്ങൾ
5.4.2 കാരക സമാസങ്ങൾ
പുരോഗതി പരിശോധിക്കുക-2
5.5 തദ്ധിതങ്ങൾ
5.5.1 തന്മാത്രതദ്ധിതം
5.5.2 തദ്വത്തദ്ധിതം
5.5.3 ഭേദകതദ്ധിതം
5.5.4 പൂരണതദ്ധിതം
5.6 കൃത്തുകൾ
5.7 മലയാളത്തിൽ പ്രചാരമുള്ള കൃത്തുകൾ
5.8 കാരകകൃത്തുകൾ
പുരോഗതി പരിശോധിക്കുക-3
5.9 പാഠസംഗ്രഹം
5.10 പുരോഗതി പരിശോധിക്കുക—ഉത്തരം


## 5.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

ലിംഗം, വിഭക്തി, വചനം, കാലം, പ്രകാരം, പ്രയോഗം എന്നിവയെ സൂചിപ്പിക്കുന്ന പ്രത്യയങ്ങളിൽനിന്നും ഭിന്നമായ പ്രത്യയങ്ങൾ നാമത്തോടോ, ഭേദകത്തോടോ, കൃതിയോടോ ചേർത്ത് ചില പദങ്ങൾ നിഷ്പാദിപ്പിക്കാറുണ്ട്. ഒതുക്കവും, ഭംഗിയും ആശയസൗഷ്ഠവും ലക്ഷ്യമാക്കിയാണ് ഇവ്വിധം പദരൂപവൽക്കരണം നടത്തുന്നത്. പദങ്ങൾ ഒറ്റ പ്രകൃതിയും അനേക പ്രകൃതിയുമായുണ്ട്. ഒറ്റ പ്രകൃതിയായിട്ടുള്ള ശബ്ദം വ്യാകരണദൃഷ്ട്യാ വ്യസ്തപദമാണ്. ഒന്നിലധികം പ്രകൃതിയുള്ള പദം സമസ്തപദവും. ക്രിയാപദത്തോട് പ്രത്യയം ചേർന്നുണ്ടാകുന്ന നാമം തദ്ധിതമാണ്. കൃത്ത്, തദ്ധിതം, സമാസം എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ പാഠഭാഗം തയ്യാറാക്കിയിട്ടുള്ളത്. നാനാവിധ ശബ്ദങ്ങളുള്ള ഒരു വാക്യത്തിലെ ഓരോ പദത്തിനുമുള്ള പരസ്പര ബന്ധം നാം മനസ്സിലാക്കുന്നത് കാരകത്തിലൂടെയാണ്. വാക്യത്തിലെ അർത്ഥബോധത്തിന് ഏറ്റവും കൂടുതൽ സഹായകമാവുന്ന ഒരു ഘടകം എന്ന നിലയിൽ കാരകത്തോടെയാണ് ഈ പാഠഭാഗം ആരംഭിക്കുക. തുടർന്ന് സമാസം, തദ്ധിതം, കൃത്ത് എന്നിവയെക്കുറിച്ച് മനസ്സിലാക്കുകയാണ് ഈ പാഠഭാഗത്തിന്റെ ലക്ഷ്യം.

## 5.1 ആമുഖം

കുറെ ശബ്ദങ്ങൾ ഒന്നിച്ചുചേർന്നാൽ വാക്യമാവില്ലെന്ന് നിങ്ങൾക്കറിയാം. ഒരു വ്യാപാരത്തെയോ അവസ്ഥാവിശേഷത്തെയോ സൂചിപ്പിക്കുന്ന ക്രിയാപദമാണ് വാക്യത്തിന്റെ കേന്ദ്രബിന്ദു. ഓരോ ക്രിയയിലും ഫലം, വ്യാപാരം എന്ന് രണ്ടംശമുണ്ടായിരിക്കും. നടക്കുന്നു; ഉറങ്ങുന്നു; തിന്നുന്നു ഇവയൊക്കെ ഓരോ വ്യാപാരത്തെ സൂചിപ്പിക്കുന്ന പദങ്ങളാണ്. ഈ വ്യാപാരത്തെയും അതിന്റെ ഫലത്തെയും കേന്ദ്രബിന്ദുവാക്കി ഒന്നിനു പിന്നാലെ ഒന്നായി അനവധി പദങ്ങൾ ചേർത്ത് ഒരാശയത്തെ പൂർണ്ണമാക്കുന്ന വാക്യമുണ്ടാക്കാം. ഓരോ പദത്തിനും ക്രിയയോടുള്ള ബന്ധമേതു വിധമാണെന്ന് സൂചിപ്പിക്കുന്ന ഘടകത്തെക്കുറിച്ച് നമുക്ക് ആദ്യമായി ചിന്തിക്കാം. തുടർന്ന് പദങ്ങളെക്കൂട്ടിചേർത്ത് ആശയപ്രകാശനം ആകർഷകമാകുന്ന രീതികളെക്കുറിച്ച് ചിന്തിക്കാം. ഈ രീതിയ്ക്ക് സമാസമെന്നു പറയുന്നു. വിഭക്തി, വചനം, ലിംഗം, എന്നിവയെ സൂചിപ്പിക്കുന്ന പ്രത്യയങ്ങൾ ലോപിച്ചാണ് പദങ്ങൾ സമാസിച്ചത് എന്ന് പ്രത്യേകം ശ്രദ്ധിക്കണം. ഇത് സംസ്കൃതശൈലിയാണ്. മലയാളവും ഈ ശൈലി കടം കൊണ്ടിട്ടുണ്ട്. ആയതിനാൽ നമുക്ക് സമാസത്തെക്കുറിച്ചും സാമാന്യേന വിശദമായിത്തന്നെ മനസ്സിലാക്കേണ്ടതുണ്ട്. കൃതികളിൽ നിന്നും നാമങ്ങളിൽ നിന്നും നാമങ്ങളെ രൂപപ്പെടുത്തുന്ന സവിശേഷരീതി സംസ്കൃത വൈയാകരണൻമാർ കാണിച്ചു തന്നിട്ടുണ്ട്. മലയാളവും അത് സ്വീകരിച്ചിരിക്കുന്നു. കൃതിയിൽനിന്നുണ്ടാക്കുന്ന നാമം കൃത്താകുന്നു. നാമത്തിൽ നിന്നുണ്ടാകുന്നതു തദ്ധിതം. നമുക്ക് ഇവയെക്കുറിച്ച് സാമാന്യമായി മനസ്സിലാക്കാം.

## 5.2 കാരകം

വാക്യത്തിൽ നാമങ്ങൾക്ക് അനുപദങ്ങളോടുള്ള ബന്ധം കാണിക്കുകയാണ് വിഭക്തി. നാമത്തിന് ക്രിയയോടുള്ള ബന്ധം കാണിക്കുന്നത് കാരകവും.

കേവലനാമങ്ങൾ നിർദ്ദേശികാവിഭക്തിയിലാണല്ലോ.

**കർത്തൃകാരകം**

ക്രിയ ചെയ്യുന്നത് ആരാണോ അല്ലെങ്കിൽ എന്താണോ അതിനെ കുറിക്കുന്ന നാമങ്ങൾ കർത്തൃകാരകത്തിൽപ്പെടുന്നു. കർത്താവ് നിർദ്ദേശികാവിഭക്തിയിലായിരിക്കും.

പശു പുല്ലു തിന്നുന്നു.
രാമൻ പാഠം പഠിക്കുന്നു.
അവൻ തല്ലു കൊള്ളുന്നു.

ഇവയിൽ പശു, രാമൻ, അവൻ എന്നിവ കർത്തൃകാരകങ്ങൾ. കർത്താവ് എന്ന കാരകത്തിന് പ്രാധാന്യമുള്ള വാക്യങ്ങൾ 'കർത്തരി പ്രയോഗ' ത്തിലുള്ളവയാണ്. 'കർത്തരി' എന്ന പദത്തിന് 'കർത്താവിൽ' എന്നർത്ഥം.

**കർമ്മകാരകം**

ക്രിയ ആരെ അല്ലെങ്കിൽ എന്തിനെ ബാധിക്കുന്നുവോ അതിനെ കുറിക്കുന്ന നാമങ്ങൾ കർമ്മകാരകത്തിലുൾപ്പെടുന്നു.

കർത്തരിപ്രയോഗത്തിൽ കർമ്മം പ്രതിഗ്രാഹികാ വിഭക്തിയിലാണ്.
രാമൻ കൃഷ്ണനെ സഹായിച്ചു.

'കൃഷ്ണനെ'കർമ്മം ആക്കുന്നു. 'എ' എന്നത് പ്രതിഗ്രാഹികയുടെ വിഭക്തി പ്രത്യയം ആകുന്നു. സചേതനത്തോടുമാത്രമേ പ്രായേണ 'എ' എന്ന പ്രത്യയം ചേർക്കാറുള്ളൂ. 'പശു പുല്ലു തിന്നുന്നു' എന്നല്ലാതെ 'പുല്ലിനെ തിന്നുന്നു' എന്നു പറയുകയില്ല.

കർമ്മത്തിനു പ്രാധാന്യമുള്ള വാക്യങ്ങൾ കർമ്മണി പ്രയോഗത്തിലുൾപ്പെടും. 'കർമ്മണി' എന്ന പദത്തിന് 'കർമ്മത്തിൽ' എന്നർത്ഥം.

കൃഷ്ണൻ രാമനാൽ സ്നേഹിക്കപ്പെട്ടു. ഇങ്ങനെയുള്ള പ്രയോഗങ്ങളിൽ കർമ്മം നിർദ്ദേശിക വിഭക്തിയിലായിരിക്കും.

## 5.2.1 സാക്ഷികാരകം

ക്രിയ ആരോട് അഥവാ എന്തിനോട് ബന്ധപ്പെടുന്നുവോ അതിനെ കുറിയ്ക്കുന്ന നാമം സാക്ഷികാരകത്തിൽ ഉൾപ്പെടുന്നു.

കാളിന്ദി ഗംഗയോടു ചേരുന്നു.
അച്ഛൻ മകനോടു പറഞ്ഞു
പ്രവാചകൻ ശിഷ്യനോട് ആജ്ഞാപിച്ചു.

സാക്ഷികാരകം സംയോജികാവിഭക്തിയിലാണ് വരുന്നത്. എന്നാൽ സംയോജികാവിഭക്തി പ്രത്യയമായ 'ഓട്' കാണുന്നിടത്തെല്ലാം സാക്ഷികാരകമാണെന്നു പറഞ്ഞുകൂടാ.

'കൃഷ്ണൻ രാമനോടു കടം വാങ്ങി' എന്ന പ്രയോഗത്തിൽ രാമനിൽനിന്ന് എന്നാണുദ്ദേശിക്കുന്നത്

**സ്വാമികാരകം**

ആർക്ക് അല്ലെങ്കിൽ എന്തിന് ക്രിയ ഉതകുന്നുവോ അതിനെ കുറിയ്ക്കുന്ന നാമം സ്വാമി കാരകത്തിൽപ്പെടും.

അധ്യാപകൻ വിദ്യാർത്ഥിയ്ക്ക് ഉപദേശം നല്കി.
രാമൻ സ്നേഹിതന് സഹായം നല്കി.

'ക്ക്' 'ന്' എന്നിവ ഉദ്ദേശികാവിഭക്തിയുടെ പ്രത്യയങ്ങൾ. ഈ പ്രത്യയങ്ങൾ കാണുന്നിടത്തെല്ലാം സ്വാമികാരകം ആണെന്നു പറഞ്ഞുകൂടാ.

അവൻ വണ്ടിക്കു പോയി.
ചൈനാരാജ്യം ഹിമാലയത്തിന് വടക്കാണ്.

എന്നീ പ്രയോഗങ്ങളിൽ സ്വാമികാരകമല്ല. വണ്ടിയ്ക്ക് എന്നത് വണ്ടിയിൽ എന്ന അർത്ഥത്തിലും ഹിമാലയത്തിന് എന്നത് ഹിമാലയത്തിൽനിന്ന് എന്ന അർത്ഥത്തിലും പ്രയോഗിച്ചിരിക്കുന്നു.

**ഹേതുകാരകം**

ക്രിയ ആരാൽ അഥവാ എന്തിനാൽ സംഭവിക്കുന്നു എന്നതിനെക്കുറിക്കുന്ന നാമം ഹേതു കാരകത്തിൽ ഉൾപ്പെടുന്നു.

അധ്യാപകൻ കോപത്താൽ കുട്ടിയെ അടിച്ചു.
അധ്യാപകൻ വടിയാൽ കുട്ടിയെ അടിച്ചു.
കുട്ടി അധ്യാപകനാൽ അടിക്കപ്പെട്ടു.

ഹേതുകാരകത്തെക്കുറിയ്ക്കാൻ പ്രയോജികയെക്കുറിയ്ക്കുന്ന ആൽ എന്ന പ്രത്യയമോ 'കൊണ്ട്' എന്ന ഗതിയോ പ്രയോഗിക്കുന്നു. ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ ഹേതുവിന് മൂന്നുതരം വകഭേദങ്ങളുണ്ടെന്നു വ്യക്തമാകും.

| | |
|---|---|
| 'കോപത്താൽ അടിയ്ക്കുമ്പോൾ' | കോപം കാരണമാണ് |
| 'വടിയാൽ അടിയ്ക്കുമ്പോൾ' | വടി ഉപകരണമാണ് |

അധ്യാപകനാൽ എന്നതിലാകട്ടെ അടിയ്ക്കുക എന്ന ക്രിയയുടെ കർത്താവാണ് അധ്യാപകൻ. ഇങ്ങനെ ഹേതുകാരകം മൂന്നുതരത്തിൽ വർത്തിക്കുന്നു. കാരണം, കരണം, കർത്താവ് എന്നിവയുടെ വൃത്തിയാണ് അത് നിർവഹിക്കുന്നത്.

**അധികരണകാരകം**

അതിൽ അല്ലെങ്കിൽ എന്തിൽ എന്നതിനെക്കുറിക്കുന്ന നാമം അധികണകാരകത്തിൽപ്പെടുന്നു. അധികരണകാരകത്തെ കുറിക്കാൻ ആധാരികയുടേയും ആധാരികാഭാസത്തിൻെറയും പ്രത്യയങ്ങൾ പ്രയോഗിക്കുന്നു. ഇൽ, കൽ, മേൽ, അത്ത് എന്നിവയാണവ. 'ഇൽ' എന്നതിനോട് 'നിന്ന്' എന്ന ഗതിചേർത്തുണ്ടാക്കുന്ന 'ഇൽനിന്ന്' എന്ന പ്രയോജികാപ്രത്യയം പ്രയോഗിക്കുമ്പോഴും കാരകം അധികരണമായിത്തന്നെ കണക്കാക്കുന്നു.

മരത്തിൽ പൂ വിരിയുന്നു.
പടിക്കൽ നില്ക്കുന്നു.    മേശമേൽ പേന ഇരിയ്ക്കുന്നു.
കാററത്ത് ആടുന്നു.    മരത്തിൽ നിന്ന് ഇല വീഴുന്നു.

'ഇൽ' എന്ന പ്രത്യയത്തിൻെറകൂടെ 'ഏക്ക്' ചേർക്കുമ്പോൾ ആധാരികയുടേയും ഉദ്ദേശികയുടേയും അർത്ഥങ്ങൾ കൂടിച്ചേരുന്നുണ്ട്. അതുപോലെ അധികരണകാരകവും സ്വാമികാരകവും കൂടിച്ചേരുന്നു.

വെള്ളത്തിലേയ്ക്ക് ഇറങ്ങി.
കാട്ടിലേയ്ക്കു പോയി.

**പുരോഗതി സ്വയം പരിശോധിക്കുക. 1**

അ 1. കാരകമെന്നാലെന്ത്?

2. മലയാളത്തിലെ കാരകങ്ങൾ ഏത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

## 5.3 സമാസം

രണ്ടോ അതിലധികമോ പദങ്ങൾ കൂടിച്ചേർന്ന് ഒറ്റപ്പദമായി നിൽക്കുമ്പോൾ അതിനെ സംയുക്തപദമെന്നോ സമസ്തപദമെന്നോ പറയും. പദങ്ങൾ തമ്മിൽ കൂട്ടിച്ചേർക്കുന്നതിനെ സമാസിക്കുക എന്നു വ്യാകരണത്തിൽ പറയുന്നു. പദങ്ങൾ ചേർക്കുമ്പോൾ ഒടുവിലത്തെ പദത്തിൻേറതൊഴികെയുള്ള എല്ലാ പദങ്ങളുടേയും ഒടുവിലുള്ള പ്രത്യയങ്ങൾ ലോപിക്കും. അതാണ് സാമാന്യനിയമം. ചിലപ്പോൾ ലോപിക്കാതെയുമിരിക്കാം. അങ്ങനെയുള്ളവ എണ്ണത്തിൽ കുറവാകയാൽ പ്രത്യയലോപത്തെ സമാസലക്ഷണമായി കണക്കാക്കിയിരിക്കുന്നു. 'വിഭക്തിക്കുറികൂടാതെ പദയോഗം സമാസമാം' എന്ന് കേരളപാണിനീയമെന്ന വ്യാകരണഗ്രന്ഥത്തിൽ എ.ആർ. രാജരാജവർമ്മ നിർവചിച്ചിരിക്കുന്നു. നിർവ്വചനത്തിൽ വിഭക്തിക്കുറി (വിഭക്തിപ്രത്യയം) എന്നേ പറഞ്ഞുള്ളുവെങ്കിലും ചിലപ്പോൾ ലിംഗപ്രത്യയവും പലപ്പോഴും വചനപ്രത്യയവും ലോപിക്കുമെന്നു മനസ്സിലാക്കണം.

പൂച്ചക്കുട്ടി — പൂച്ച+ഉടെ+കുട്ടി
'ഉടെ' എന്ന സംബന്ധികാവിഭക്തി പ്രത്യയം ലോപിച്ചു.

പൂച്ചക്കൂട്ടം — പൂച്ച+കൾ+കൂട്ടം
'കൾ' എന്ന വചന പ്രത്യയവും 'ഉടെ' എന്ന വിഭക്തി പ്രത്യയവും ലോപിച്ചു.

കള്ളക്കൂട്ടം — കള്ള+അൻ+മാർ+ഉടെ+കൂട്ടം
ലിംഗപ്രത്യയവും വചന പ്രത്യവയും വിഭക്തി പ്രത്യയവും ലോപിച്ചു

ലിംഗപ്രത്യയം ലോപിക്കാത്തതിനുള്ള ഉദാഹരണങ്ങൾ.

മടിയൻകുട്ടി — അൻ എന്ന ലിംഗപ്രത്യയം ലോചിച്ചില്ല.
കള്ളിപ്പെണ്ണ് — 'ഇ' എന്ന സ്ത്രീലിംഗ പ്രത്യയം ലോപിച്ചില്ല.

വചനപ്രത്യയങ്ങൾ ലോപിക്കാത്തതിനുള്ള ഉദാഹരണങ്ങൾ

കണ്യാർകളി; ഉംപർകോൻ

ഇങ്ങനെ പ്രത്യയങ്ങൾ ലോപിക്കാതെയുള്ള സമാസത്തിന് അലുപ്തസമാസം എന്നു പേർ.

മലയാളത്തിൽ സംസ്കൃതഭാഷയിൽനിന്ന് ധാരാളം പദങ്ങൾ സംക്രമിച്ചിട്ടുണ്ട്. സംസ്കൃതത്തിലെ സമസ്തപദങ്ങൾ അപ്പാടെ എടുക്കുമ്പോൾ ഏക പദങ്ങളിൽ ചെയ്യുംപോലെ അന്ത്യത്തിലെ പ്രത്യയം മാത്രം മലയാളത്തിൻേറതാക്കുന്നു. വൃക്ഷ: എന്ന സംസ്കൃതപദം, മലയാളത്തിലേയ്ക്കെടുക്കുമ്പോൾ വൃക്ഷം എന്നാക്കും പോലെ, രാമ: എന്ന പദം രാമൻ എന്നാകുമ്പോലെ, വൃക്ഷസമൂഹം, രാമരാജ്യം എന്നിങ്ങനെ സമസ്തപദത്തിലും സന്ധ്യിപ്രത്യയം മാത്രം മലയാളമുറയ്ക്കായിരിക്കും. ഇങ്ങനെ സമസ്തപദങ്ങൾ സംസ്കൃതത്തിൽ നിന്ന് വളരെയേറെ എടുത്തിട്ടുള്ളതുകൊണ്ട് സംസ്കൃതത്തിലെ സമാസവിഭാഗങ്ങൾ മലയാളത്തിനും പ്രസക്തമായിത്തീർന്നിരിക്കുന്നു.

**സമാസവിഭാഗങ്ങൾ**

സംസ്കൃതത്തിൽ സമാസങ്ങളെ നാലായി തിരിച്ചിട്ടുണ്ട്. അവ്യയീഭാവൻ, തൽപുരുഷൻ, ദ്വന്ദ്വൻ, ബഹുവ്രീഹി. ഏതു പദത്തിനാണു പ്രാധാന്യം എന്നുനോക്കിയാണ് ഈ വിഭജനം. പൂർവ്വപദത്തിൻെറ അർത്ഥത്തിനു പ്രധാന്യം വരുമ്പോൾ അവ്യയീഭാവൻ. ഉത്തരപദത്തിൻെറ അർത്ഥത്തിനു പ്രാധാന്യം വരുമ്പോൾ തൽപുരുഷൻ, രണ്ടുപദങ്ങളുടേയും അർത്ഥത്തിന് തുല്യമായ പ്രാധാന്യം വരുമ്പോൾ ദ്വന്ദ്വൻ. അന്യപദത്തിൻെറ അർത്ഥം പ്രധാനമാകുമ്പോൾ ബഹുവ്രീഹി.

**ഉദാഹരണങ്ങൾ:**

1. അവ്യയീഭാവൻ: സസ്നേഹം — സ്നേഹത്തോടുകൂടെ
   അനുദിനം — ദിവസംതോറും
   പൂർവ്വശബ്ദമായ 'സ' 'അനു' എന്നീ ഉപസർഗ്ഗങ്ങളാണ് അർത്ഥ സ്വഭാവത്തെ നിയമിക്കുന്നത്.

2. തൽപുരുഷൻ: നദീതടം — നദിയുടെ തടം
   പച്ചപ്പട്ട് — പച്ചയായ പട്ട്
   മരപ്പെട്ടി — മരത്തിൻെറ പെട്ടി

യഥാക്രമം പദങ്ങളിലെ തടം, പട്ട്, പെട്ടി എന്നീ ഉത്തരഭാഗങ്ങളുടെ അർത്ഥം പ്രധാനമായിത്തീരുന്നു.

3. ദ്വന്ദ്വൻ: കൈകാലുകൾ — കൈകളും കാലുകളും
   മാതാപിതാക്കൾ — മാതാവും പിതാവും
   ഓരോ സമസ്ത പദത്തിലും രണ്ടു പദത്തിൻെറയും അർത്ഥത്തിനു തുല്യമായ പ്രാധാന്യമുണ്ടല്ലോ.

4. ബഹുവ്രീഹി: താമരക്കണ്ണൻ — താമരയിതൾപോലുള്ള കണ്ണുകളോടുകൂടിയവൻ
   തേൻമൊഴിയാൾ — തേൻപോലെ മധുരമായ മൊഴിയോടുകൂടിയവൾ

താമര+കണ്ണൻ: ഈ പദങ്ങളുടെ അർത്ഥമല്ല വിവക്ഷിച്ചിരിക്കുന്നത്. അവയ്ക്കുള്ള സാദൃശ്യത്തിൻെറ അടിസ്ഥാനത്തിൽ അതുള്ളവൻ എന്നർത്ഥമാണ് വിവക്ഷിതം. പൂർവ്വപദമോ, ഉത്തരപദമോ ഒററയ്ക്കോ, അവ രണ്ടും ചേർത്തോ തുല്യപ്രാധാന്യത്തോടെയോ അർത്ഥം ജനിപ്പിക്കുന്നില്ല. ശ്രീകൃഷ്ണൻ എന്ന മറെറാരു പദത്തിൻെറ അർത്ഥമാണ് ഇവിടെ സംഗതമായിട്ടുള്ളത്. തേൻ+മൊഴി എന്നതിലും മധുരമായി സംസാരിക്കുന്ന സ്ത്രീ എന്ന അർത്ഥമാണ് വിവക്ഷിതം. രണ്ടു പദവും പ്രധാനമല്ല. പ്രയോഗിച്ചിട്ടില്ലാത്ത മറെറാന്നാണ് പ്രധാനമായിട്ടുള്ളത്.

മലയാളത്തിൽ ഉപസർഗ്ഗങ്ങൾ അഥവാ പൂർവ്വപ്രത്യയങ്ങൾ (പ്രകൃതിയുടെ മുൻപിൽ ചേർക്കുന്നവ) ഇല്ലാത്തതിനാൽ മലയാളത്തിനു തനതായി അവ്യയീഭാവസമാസമില്ല എന്നു പറയാറുണ്ട്. എന്നാൽ ആ സമാസത്തിൽപ്പെട്ട 'മദ്ധ്യേമാർഗ്ഗം' പോലുള്ളവയ്ക്കു തുല്യമായി 'നടുവഴി' പോലുള്ള പദങ്ങൾ മലയാളത്തിലുമുണ്ട്. 'വഴിയുടെ നടു' എന്നാണ് വിഗ്രഹിക്കുക. എങ്കിലും 'നടു' പൂർവ്വപദം ആയതിനാൽ അതിനെ ഈ വകുപ്പിൽപ്പെടുത്താം. 'വഴിനടു' എന്നു പ്രയോഗിക്കുംമ്പോഴാകട്ടെ തൽപുരുഷസമാസമാണ്.

തൽപുരുഷസമാസത്തിന് വളരെയേറെ ഉപവിഭാഗങ്ങളുണ്ട്.

തൽപുരുഷൻ: വിഗ്രഹിക്കുമ്പോൾ പൂർവ്വപദം, ഏതു വിഭക്തിയിൽ വരുന്നുവോ ഈ വകുപ്പിൽപ്പെട്ട സമാസങ്ങളെ പ്രതിഗ്രാഹികാതൽപുരുഷൻ, സംയോജികാ തൽപുരുഷൻ, ഉദ്ദേശികാതൽപുരുഷൻ, പ്രയോജികാതൽപുരുഷൻ, സംബന്ധികാതൽപുരുഷൻ, ആധാരികാ തൽപുരുഷൻ എന്നു തരംതിരിക്കാം. പൂർവ്വപദം വിശേഷണവും ഉത്തരപദം വിശേഷ്യവുമായി വരുന്നിടത്ത് കർമ്മധാരയ സമാസമെന്നാണ് പറയുക.

| | | | | | | |
|---|---|---|---|---|---|---|
| നീല | + | മേഘം | = | നീലയായ മേഘം | = | നീലമേഘം |
| ചെം | + | താമര | = | ചെമത്തമര | = | ചെന്താമര |

വിശേഷണ വിശേഷ്യങ്ങൾ തമ്മിലുള്ള ബന്ധം സാദൃശ്യമാണെങ്കിൽ ഉപമിതസമാസമെന്ന് പറയാം.

തേൻമൊഴി — തേൻപോലെയുള്ള മൊഴി
കമലമുഖം — കമലംപോലെയുള്ള മുഖം

വിശേഷണവിശേഷ്യങ്ങൾക്ക് അഭേദത്വത്തമാണ് കല്പിച്ചിട്ടുള്ളതെങ്കിൽ രൂപകസമാസം.

മുഖകമലം — മുഖമാകുന്ന കമലം
മിഴി മീൻ — മിഴി (കണ്ണ്) ആകുന്ന മൽസ്യം

പൂർവ്വപദം സംഖ്യയെക്കറിക്കുന്നുവെങ്കിൽ അതിന് ദ്വിഗു എന്നു പേര്.

മുപ്പാര് — മൂന്നു പാര് (ലോകം)
ഈരേഴുലോകം — പതിനാലു ലോകം
അഷ്ടദിക്ക് — എട്ടുദിക്ക്

വിഗ്രഹിക്കുമ്പോൾ ചില സമാസങ്ങൾക്ക് മധ്യമത്തിൽ പുതിയൊരു പദം കൂട്ടിച്ചേർക്കേണ്ടതായി വരും. അതായത് സമാസിക്കുമ്പോൾ ആ പദം ലോപിച്ചിട്ടുണ്ട്. ആ വകുപ്പിൽപ്പെടുന്ന സമാസങ്ങൾക്ക് മധ്യമ പദലോപി എന്നു പേര്.

| | | |
|---|---|---|
| തീവണ്ടി | — | തീയുടെ ശക്തികൊണ്ട് ഓടുന്ന വണ്ടി |
| ആവി വണ്ടി | — | ആവിയുടെ ശക്തികൊണ്ട് ഓടുന്ന വണ്ടി |
| മഞ്ഞുതൊപ്പി | — | മഞ്ഞിനെ തടയുന്നതിനായി ധരിക്കുന്ന തൊപ്പി |

പൂർവ്വപദം നിഷേധത്തെ കുറിയ്ക്കുന്നതാണെങ്കിൽ നഞ്തൽപുരുഷനെന്നു പറയും.

| | | |
|---|---|---|
| നാസ്തികൻ | — | ആസ്തികനല്ലാത്തവൻ |
| അസിതം | — | സിതമല്ലാത്തത് |

**ദ്വന്ദ്വസമാസം**

രണ്ടോ അതിലധികമോ പദങ്ങൾ സമാസിക്കാം. എല്ലാററിന്നും പ്രാധാന്യം തുല്യം. വിഗ്രഹിക്കുമ്പോൾ 'ഉം' എന്ന സമുച്ചയ പ്രത്യയമോ 'ഓ' എന്ന വികല്പ പ്രത്യയമോ വരും.

| | | |
|---|---|---|
| കൈകാലുകൾ | — | കൈകളും കാലുകളും |
| കുടതഴചാമരങ്ങൾ | — | കുടയും തഴയും ചാമരവും |
| രാമലക്ഷ്മണഭരതശത്രുഘ്നൻമാർ | — | രാമനും ലക്ഷ്മണനും ഭരതനും ശത്രുഘ്നനും |
| അഹോരാത്രം | — | അഹസ്സും രാത്രിയും |
| അഞ്ചാറ് | — | അഞ്ചോ ആറോ |
| മൂന്നാല് | — | മൂന്നോ നാലോ |

**ബഹുവ്രീഹി സമാസം**

| | | |
|---|---|---|
| തേൻമൊഴിയാൾ | — | തേൻപോലെ മൊഴിയോടു കൂടിയവൾ |
| മീൻ മിഴി | — | മീൻപോലെയുള്ള മിഴിയുള്ളവൾ |
| മാൻ മിഴി | — | മാനിൻെറ കണ്ണുപോലുള്ള കണ്ണുള്ളവൾ |
| അപുത്രൻ | — | പുത്രനില്ലാത്തവൻ (ആർക്കു പുത്രനില്ലയോ അവൻ) |

(പുത്രനില്ലാത്തവൻ എന്ന അർത്ഥത്തിൽ വിഗ്രഹിക്കുമ്പോൾ ഇതു നഞ്തൽപുരുഷനാവും)

## 5.4 തനി മലയാള സമാസങ്ങൾ

മുൻപറഞ്ഞ സമാസങ്ങൾ സംസ്കൃതപദങ്ങൾക്കും തനി മലയാള പദങ്ങൾക്കും ഒരു പോലെ പ്രസക്തമാണ്. ഇനി മലയാളത്തിൽ മാത്രമുള്ള ചില പ്രക്രിയകൾ വിവരിക്കാം.

### 5.4.1 ക്രിയാസമാസങ്ങൾ

ഒന്നിലേറെ ക്രിയകളെ സമാസിക്കാം. പൂർവ്വപദത്തിൻെറ അർത്ഥത്തെ പരിഷ്കരിക്കുകയാണ് മററുപദങ്ങളുടെ ധർമ്മം. അനുപ്രയോഗങ്ങൾ എന്നാണതിന് പേർ.

ചെയ്തു തീർത്തു.
വന്നുപോയ്ക്കൊണ്ടിരുന്നു.
തട്ടിത്തകർത്തു.
പെയതു തോർന്നു.
പൊട്ടിച്ചിതറി
പൊട്ടിച്ചിതറി വീണു.

അനുപ്രയോഗം എന്ന വിഭാഗത്തിൽ ഇത് വിശദമാക്കിയിട്ടുണ്ട്

## 5.4.2 കാരകസമാസങ്ങൾ

ക്രിയയ്ക്കു നാമത്തോടുള്ള ബന്ധത്തെയാണല്ലോ കാരകം കുറിയ്ക്കുന്നത്. ഒരു ക്രിയയും ഒരു നാമവും കൂടി സമാസിക്കുമ്പോൾ ഏതു കാരകബന്ധത്തിൽ ആണെന്നതിന്റെ അടിസ്ഥാനത്തിൽ കാരകസമാസത്തെ വിഭജിക്കാം. കാരക സമാസത്തിൽ ചിലപ്പോൾ ഉത്തരപദത്തിനായിരിക്കും അർത്ഥപ്രാധാന്യം. അപ്പോൾ അത് കാരകതൽപുരുഷൻ. ചിലപ്പോൾ അന്യപദത്തിന്നായിരിക്കും പ്രാധാന്യം. അപ്പോൾ അതിനെ ബഹുവ്രീഹി വകുപ്പിൽ പെടുത്താവുന്നതാണ്.

പൂർവ്വപദം നാമവും ഉത്തരപദം ക്രിയയും ആയ കാരകസമാസം.

ഭേദമാവുക — (ഭേദം എന്ന നാമം കർത്തൃകാരകം)
നാടു വാഴുക — (നാട് എന്ന നാമം കർമ്മകാരകം) (നാടിനെ)
കൂട്ടിലിരിയ്ക്കുക — (കൂടു എന്ന നാമം സ്വാമികാരകം) (കൂട്ടിനായി)
തപസ്സിരിക്കുക — (തപസ്സ് എന്ന നാമം അധികരണകാരകം) (തപസ്സിൽ)

പൂർവ്വപദം ക്രിയയും ഉത്തരപദം നാമവും ആയ കാരകസമാസം.

വരും കാലം — (കാലം കർത്തൃകാരകം)
കാണും കാഴ്ച — (കാഴ്ച കർമ്മകാരകം) (കാഴ്ചയെ)
തേനോലും മൊഴി — (മൊഴി അധികരണകാരകം) (മൊഴിയിൽ നിന്ന്)
കാണുന്നേരം — (നേരം അധികരണകാരകം) (നേരത്ത്)

പൂർവ്വപദം നാമവും ഉത്തരപദം ക്രിയയുമായിരിക്കുക രണ്ടിന്റെ അർത്ഥത്തിൽ നിന്നും വ്യത്യസ്തമായ മററൊന്നിനെ കുറിയ്ക്കുക. ഇത്തരം കാരക സമാസം ബഹുവ്രീഹിയുടെ പരിധിയിൽ വരും

പാക്കുവെട്ടി — പാക്കിനെവട്ടുന്നത് (ആയുധം)
മരം കേറി — മരത്തിൽ കേറുന്നവൻ (കേറുന്നത്)
തല്ലുകൊള്ളി — തല്ലിനെ കൊള്ളുന്നവൻ
മരം ചാടി — മരത്തിൽ ചാടുന്നത് (കുരങ്ങ്)
നാടോടി — നാട്ടിൽ ഓടുന്ന (സഞ്ചരിക്കുന്ന) വൻ
നിലം തല്ലി — നിലത്ത് തല്ലുന്നത് (പണി ആയുധം)

'ഇ' എന്ന പ്രത്യയത്തിലാണ് ഇവയെല്ലാം അവസാനിക്കുന്നത്. ക്രിയയെ വിശേഷണമാക്കുകയും ക്രിയയോട് ഏതെങ്കിലും കാരകബന്ധത്തിൽവരുന്ന നാമത്തെ പ്രധാനമാക്കുകയും ചെയ്യുമ്പോൾ അതിന് കാരകകൃത്ത് എന്നു പേരുണ്ട്. 'ഇ' കാരകകൃത്തിന്റെ പ്രത്യയമാണ്. ഇവിടെ ഈ പ്രത്യയം ക്രിയയിൽനിന്നും കാരകത്തിൽനിന്നും വ്യത്യസ്തമായ മററൊരു അർത്ഥത്തെ ദ്യോതിപ്പിക്കുന്നു.

വിഗ്രഹിക്കാൻ നിവൃത്തിയില്ലാത്ത പദയോഗത്തെ നിത്യസമാസം എന്നു വിളിക്കുന്നു.

നറുമുത്ത്, തൂനിലാവ്.

സമസ്തപദത്തിലെ അപ്രധാനപദത്തിൽ ബാഹ്യവിശേഷണം ചേരുകയില്ല.

രാജർഷിയായ ജനകപുത്രി
രാക്ഷസരാജാവായ രാവണഭഗിനി
നന്ദനസമാനമനായ ഉദ്യാനഭംഗം

രാജർഷി എന്ന വിശേഷണം ജനകനും രാക്ഷസരാജാവെന്ന വിശേഷണം രാവണനും നന്ദനസമാനമെന്ന വിശേഷണം ഉദ്യാനത്തിനുമാണ് ചേരേണ്ടത്. എന്നാൽ പ്രയോഗമനുസരിച്ച് അവ യഥാക്രമം പുത്രിയോടും ഭഗിനിയോടും ഭംഗത്തോടും ചേരുന്നു. ഇതുപോലെ, സമാസത്തിലെ പ്രധാനപദത്തിനു ചേരണമെന്നുദ്ദേശിക്കുന്ന വിശേഷണം പ്രയോഗിച്ചതിനുശേഷം സമാസിക്കാതെ പദങ്ങൾ വിശേഷ്യമായി പ്രയോഗിക്കുന്നതും ശരിയല്ല.

പൂർണ്ണഗർഭിണിയായ രാമന്റെ പത്നി
വിരൂപയായ രാവണന്റെ ഭഗിനി
ഉഗ്രമായ ഉദ്യാനത്തിന്റെ ഭഞ്ജനം.

ഇവിടെ യഥാക്രമം രാമപത്നി എന്നും രാവണഭഗിനി എന്നും ഉദ്യാനഭഞ്ജനം എന്നും സമാസിച്ചു പ്രയോഗിക്കേണ്ടിയിരിക്കുന്നു.

അവ്യയീഭാവസമാസത്തിൽ ഉപസർഗ്ഗം കൊണ്ടു കിട്ടുന്ന അർത്ഥത്തെ സൂചിപ്പിക്കാൻ മററു പദങ്ങൾ ഉപയോഗിക്കേണ്ടതില്ല.

യഥാസുഖംപോലെ
സ്നേഹപൂർവ്വം.
ആജന്മം വരെ എന്നും മററും പ്രയോഗിക്കുന്നതു ശരിയല്ല.

പുരോഗതി സ്വയം പരിശോധിക്കുക. 2

ഇ) 1. സമാസമെന്നാലെന്ത്? സമാസത്തിന്റെ ഭേദങ്ങൾ ഏവ?

2. സമാസിക്കുക.

1. ഗുരുവിന്റെ ഉപദേശം
2. മഹാനായ പുരുഷൻ
3. കലയിൽ താല്പര്യം ഉള്ളവൻ
4. മാനം നോക്കുന്നതു ശീലമായവൻ
5. നാട്ടിൽ പ്രചരിക്കുന്ന (ഓടുന്ന) പാട്ടുകൾ
6. നോക്കുകൊണ്ടുള്ള ദോഷം പരിഹരിക്കാൻ കുത്തുന്ന രൂപം

3. താഴെ കൊടുക്കുന്ന വ്യത്യസ്തപദങ്ങൾക്കുപകരം സമസ്തപദം എഴുതുക.

1. മരണം വരെ
2. സ്നേഹത്തോടുകൂടി
3. ദോഷം ക,ടാതെ
4. ഉപമയില്ലാത്ത
5. യുവതികളും യുവാക്കൻമാരും
6. പതിനാലു ലോകങ്ങൾ
7. ജാതിയിൽനിന്ന് ഭ്രഷ്ടനായവൻ
8. തിരസ്കരിക്കപ്പെട്ട കാമുകൻ

## 5.5 തദ്ധിതങ്ങൾ

നാമങ്ങളിൽനിന്നും ഭേദകങ്ങളിൽനിന്നും വ്യുൽപന്നങ്ങളായ ശബ്ദങ്ങൾക്കു തദ്ധിതങ്ങൾ എന്നു പറയുന്നു. തദ്ധിതങ്ങളുടെ വകഭേദങ്ങൾ വിവരിക്കുമ്പോൾ സംസ്കൃതഭാഷയിലെ നിഷ്പാദനസംപ്രദായങ്ങൾകൂടി സാമാന്യേന അറിയണം. എന്തെന്നാൽ സംസ്കൃതഭാഷയിലെ തദ്ധിതരൂപങ്ങൾ ധാരാളമായി മലയാളത്തിലേയ്ക്കു എടുത്തിരിക്കുന്നു. അവ തനിമലയാളപദങ്ങളെപ്പോലെ പ്രചരിക്കുകയും ചെയ്യുന്നുണ്ട്.

### 5.5.1 തന്മാത്ര തദ്ധിതം

വസ്തുക്കൾക്ക് അനേകധർമ്മങ്ങളുണ്ടല്ലോ. ഓരോ ധർമ്മത്തേയും കുറിക്കുന്ന ഭേദകശബ്ദത്തിൽനിന്ന് അതിന്റെ നാമരൂപം നിഷ്പാദിപ്പിക്കാം. വസ്തുവിന്റെ അനേക ധർമ്മങ്ങളിൽ ഏകധർമ്മത്തെ ആസ്പദമാക്കുന്നു എന്ന അർത്ഥത്തിലാണ് 'തന്മാത്ര' (അതുമാത്രം) എന്നു പേരുകൊടുത്തിരിക്കുന്നത്. ഒരു വ്യക്തി സുന്ദരനാണ് എന്നു പറയുമ്പോൾ അയാളുടെ ഉയരം, വണ്ണം, നിറം മുതലായ ധർമ്മങ്ങൾ എല്ലാം പ്രസക്തമാണെങ്കിലും അവയെ എല്ലാം വേറെ വേറെ എടുത്തുപറയാതെ അവയുടെ ആകത്തുകയായ ഒരു ധർമ്മത്തെയാണ് സൗന്ദര്യം എന്ന പദം കുറിയ്ക്കുന്നത്.

സുന്ദരം എന്ന ഭേദകത്തിൽനിന്ന് നിഷ്പാദിപ്പിക്കുന്ന നാമമാണ് സൗന്ദര്യം. വേറേയും രൂപങ്ങളുണ്ട്. സൗന്ദര്യം, സുന്ദരത്വം, സുന്ദരത

ഇതുപോലെ

| | | | | |
|---|---|---|---|---|
| ജഡ | — | ജാഡ്യം | ജഡത്വം | ജഡത |
| ജള | — | ജാള്യം | ജളത്വം | ജളത |
| മൂഢ | — | മൗഢ്യം | മൂഢത്വം | മൂഢത |
| ധീര | — | ധൈര്യം | ധീരത്വം | ധീരത |
| ദീന | — | ദൈന്യം | ദീനത്വം | ദീനത |

മുതലായ രൂപങ്ങൾ ശ്രദ്ധിക്കുക.

| | | | |
|---|---|---|---|
| പടു | — | പടിമ | (പാടവം, പടുത്വം എന്നു മററു രൂപങ്ങൾ) |
| ലഘു | — | ലഘിമ | (ലാഘവം, ലഘുത്വം എന്നു മററു രൂപങ്ങൾ) |
| മഹത് | — | മഹിമ | (മഹത്വം എന്നു മററു രൂപം) |

മലയാളത്തിലെ തന്മാത്രതദ്ധിത പ്രത്യയങ്ങൾ: മ, ത്തം, തരം, തനം എന്നിവയാണ്.

പുതു — പുതുമ

| | | |
|---|---|---|
| പഴ | — | പഴമ |
| പെരു | — | പെരുമ |
| അരു | — | അരുമ |
| കള്ളൻ | — | കള്ളത്തം, കള്ളത്തരം |
| മണ്ടൻ | — | മണ്ടത്തം, മണ്ടത്തരം |
| മുട്ടാളൻ | — | മുട്ടാളത്തം, മുട്ടാളത്തരം |
| വേണ്ടാ | — | വേണ്ടാതനം |
| അടിമ | — | അടിമത്തം |

## 5.5.2 തദ്വത്തദ്ധിതം

അത് ഇതിനുണ്ട്; അത് ഇതിലുണ്ട്; അതിൽനിന്നുണ്ടാവുന്നത്, അവിടെ നിന്ന് ഉത്ഭവിക്കുന്നത്—ഇത്യാദി അർത്ഥത്തെയാണ് തദ്വത്തദ്ധിതം കുറിക്കുക. സംസ്കൃതത്തിൽ 'മത്' മുതലായ പ്രത്യയങ്ങൾ ചേർത്തുണ്ടാകുന്ന രൂപങ്ങൾ ഈ വകുപ്പിൽപ്പെടുന്നു. ശ്രീമത്ത്, ധനവത്ത്, ഭാസ്വത്ത്, രസവത്ത്, ഗന്ധവത്ത്, സ്നേഹവത്ത്.

| | | |
|---|---|---|
| ശ്രീമാൻ, | ശ്രീമതി, | ശ്രീമത് |
| ധനവാൻ, | ധനവതി, | ധനവത് |
| ഭാസ്വാൻ, | ഭാസ്വതി, | ഭാസ്വത് |
| രസവാൻ, | രസവതി, | രസവത് |

ഗന്ധവാൻ, ഗന്ധവതി, ഗന്ധവത്ത്—എന്നിങ്ങനെ ലിംഗഭേദമനുസരിച്ചു രൂപം വരും.

'ഓട' എന്ന പ്രത്യയവും 'അല' എന്ന പ്രത്യയവും ചേർക്കാറുണ്ട്

ഉദാ: വാചാടൻ
വാചാലൻ

'അലു' എന്ന പ്രത്യയം ചേർത്ത രൂപം:

ഹൃദയാലു ദയാലു കൃപാലു

'ഇക' പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| സുഖ | — | സുഖി (ന്) |
| പദ്മ | — | പദ്മിനി (പൊയ്ക എന്നും താമര എന്നും) |
| കല്ലോല | — | കല്ലോലിനി (നദി) |
| ഉത്സാഹ | — | ഉത്സാഹി (ന്) |

'ഇത' പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| താരക | — | താരകിത |
| ഫല | — | ഫലിത |

'ഇല' പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| തുന്ദ | — | തുന്ദില |
| പങ്ക | — | പങ്കില |
| ജടാ | — | ജടില |

'ഉര' (ഉരച്) പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| ദന്ത | — | ദന്തുര |

'മിന്' പ്രത്യയം ചേർന്ന രൂപം:

വാച് + മിന് + വാഗ്മിന് = വാഗ്മി

'ര' പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| ഊഷ | — | ഊഷര |
| സുഷി | — | സുഷിര |
| മധു | — | മധുര |

'ല' (ലച്) പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| പാംസു | — | പാംസുല |

'വല' പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| ഊർജസ് | — | ഊർജസ്വല |
| കൃഷി | — | കൃഷീവല |

'വിന്' പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| യശസ് | — | യശസ്വി (ൻ) |
| പയസ്സ് | — | പയസ്വി (ൻ) |
| മനസ് | — | മനസ്വി (ൻ) |

'ശ' പ്രത്യയം ചേർന്ന രൂപം:

| | | |
|---|---|---|
| കർക്ക | — | കർക്കശ |
| രോമ | — | രോമശ് |

'ശാലി (ന്)' പ്രത്യയം ചേർന്ന രൂപം:

ധൈര്യശാലി (ൻ)
ഭാഗ്യശാലി

മലയാളത്തിൽ അൻ എന്നതാണ് പ്രധാന തദ്വത്തദ്ധിത പ്രത്യയം

| | | |
|---|---|---|
| മൂപ്പ് ഉള്ളവൻ | — | മൂപ്പൻ |
| കൂന് ഉള്ളവൻ | — | കൂനൻ |
| മടി ഉള്ളവൻ | — | മടിയൻ |

സ്ഥലം, ദിക്ക് മുതലായവയോട് ബന്ധപ്പെട്ടവ

| | | |
|---|---|---|
| അലങ്ങാടൻ | (അലങ്ങാടുനിന്നുവരുന്ന) | ശർക്കര |
| തെക്കൻ | (തെക്കെദിക്കിൽ ഉള്ള) | ഭാഷ |

'ഇ' പ്രത്യയം ചേർന്ന രൂപം.

നാല്ക്കാലി
തേരാളി
വില്ലാളി
തൊഴിലാളി

## 5.5.3 തോലനതദ്ധിതം

തര, തമ ശബ്ദങ്ങൾ യഥാക്രമം കൂടുതൽ, ഏറ്റവും എന്നീ അർത്ഥങ്ങൾ കുറിയ്ക്കാൻ ഉപയോഗിക്കുന്നു.

| | | |
|---|---|---|
| മഹത്ത് | മഹത്തരം | മഹത്തമം |
| പടു | പടുതരം (പടീയസ്) | പടുതമം (പടിഷ്ഠ) |
| അല്പ | അല്പീയസ് | അല്പിഷ്ഠ |
| പ്രിയ | പ്രിയതര (പ്രേയസ്) | പ്രിയതമ (പ്രേഷ്ഠ) |

മലയാളത്തിൽ തോലനതദ്ധിതത്തിൻെറ അർത്ഥം കുറിയ്ക്കാൻ കൂടുതൽ, ഏററവും, എന്നീ പദങ്ങൾ ചേർക്കുന്നു. പ്രത്യയം ഇല്ല.

## 5.5.4 പൂരണതദ്ധിതം

സംഖ്യയെ വചിക്കുന്ന നാമങ്ങളിൽനിന്ന് ഇത്രാമത്തെ എന്ന അർത്ഥം വരുന്ന ഭേദകം നിഷ്പാദിപ്പിക്കുന്നത് പൂരണതദ്ധിതം.

ചതുർത്ഥം, പഞ്ചമം, ദ്വിതീയം, തൃതീയം, ഷഷ്ഠം ഇത്യാദി

അത്രയും ഭാഗങ്ങളുള്ള എന്നു കാണിക്കാൻ 'ക' പ്രത്യയം ദ്വികം, ത്രികം, ചതുഷ്കം, പഞ്ചകം.......

അത്രയും ചേർന്ന എന്ന അർത്ഥത്തിൽ 'തയ' പ്രത്യയം ചേർക്കുന്നു.

ദ്വിതയും, ത്രിത്രയം, ചതുഷ്ടയം

അത്രവിധം എന്നു കാണിക്കാൻ 'ധാ' പ്രത്യയം ചേർക്കുന്നു.

ഏകധാ, ദ്വിധാ, ത്രിധാ

മലയാളത്തിൽ ഇത്രാമത്തെ എന്നതിന് (അം) എന്നാണ് പ്രത്യയം.

ഒന്നാം, രണ്ടാം, മൂന്നാം

ഇവയോട് അൻ പ്രത്യയം ചേർത്ത് പുല്ലിംഗ രൂപങ്ങളും ഉണ്ടാക്കുന്നു.

ഒന്നാമൻ രണ്ടാമൻ

അത്ത്+എ ചേർത്ത് ഒന്നാമത്തെ രണ്ടാമത്തെ എന്നും

മലയാളത്തിൽ നാമാംഗമായ പേരെച്ചത്തോട് 'അൻ' 'അാ' 'ത്' എന്നീ ലിംഗപ്രത്യയങ്ങാ ചേർത്ത് നാമങ്ങാ നിഷ്പാദിപ്പിക്കാറുണ്ട്.

| | | |
|---|---|---|
| കണ്ടവൻ | കണ്ടവാ | കണ്ടത് |
| കാണുന്നവൻ | കാണുന്നവാ | കാണുന്നത് |

അകാരാന്തമായ ഭേദകത്തോട് ലിംഗപ്രത്യയങ്ങാ ചേർത്ത രൂപങ്ങാ

| | | | |
|---|---|---|---|
| നല്ല | നല്ലവൻ | നല്ലവാ | നല്ലത് |
| പഴയ | പഴയവൻ | പഴയവാ | പഴയത് |

സംബന്ധികാരൂപത്തോട് ലിംഗപ്രത്യയം ചേർക്കുമ്പോാ

എൻെറ — എൻേറത് (എൻേറവൻ, എൻേറവാ)
നിൻെറ — നിൻേറത്
അവൻെറ — അവൻെറത്

ആധാരികാ രൂപത്തോട് ലിംഗപ്രത്യയം ചേർക്കുമ്പോാ

ഇന്നലത്തെ — ഇന്നലത്തേത് (ഇന്നലത്തേവൻ, ഇന്നലത്തേവാ)

വിശേഷണമായി മലയാളത്തിൽ പ്രയോഗിക്കുന്ന സംസ്കൃതതദ്ധിത രൂപങ്ങാക്ക് ചില മാതൃകകാ.

ഋഷി — അർഷം
ഋതു — അർത്തവം
കൃഷി — കാർഷികം
മൃതി — മർത്ത്യ
വർഷ — വാർഷികം
ശരീര — ശാരീരികം, ശരീരപരം
മൂലം — മൗലികം
ലോകം — ലൗകികം
ഇഹ — ഐഹികം
സംസ്കാര — സാംസ്കാരികം, സംസ്കാരപരം
വ്യവഹാര — വ്യാവഹാരികം
വ്യവസായ — വ്യാവസായികം

**പുരോഗതി സ്വയം പരിശോധിക്കുക- 3**

**അ)** 1. തദ്ധിതമെന്നാലെന്ത്?

2. മലയാളത്തിലെ പ്രധാന തദ്ധിതങ്ങാ ഏവ? ഉദാഹരണങ്ങളോടെ വിവരിക്കുക.

3. ശരിയായ രൂപമെഴുതുക.

ശാരീരികപരം, സാമൂഹികപരം, രാമണീയകത്വം, ദൈന്യത, ജാള്യത, അടിമത്വം

4. നാമരൂപങ്ങാ എഴുതുക.

മൂഢ, സുഖ, പടു, ജള

## 5.6 കൃത്തുകാ

ക്രിയാനിഷ്പന്നമായ നാമരൂപങ്ങളെ കൃതികൃത്തുകാ കാരകൃത്തുകാ എന്നിങ്ങനെ തരംതിരിക്കാം, കൃതികളിൽ ക്രിയ എന്ന വ്യാപാരത്തിന്നുമാത്രം പ്രസക്തി വരുമ്പോാ കാരകകൃത്തുകളിൽ ആ വ്യാപാരത്തിൻെറ കർത്താവ്, കർമ്മം, കരണം മുതലായ കാരകങ്ങാക്കു പ്രസക്തി വരുന്നു. കൃതി കൃത്തുകളുടെ ഉദാഹരണങ്ങാ നോക്കിയാൽ വ്യക്തമാകുന്ന ഒരു പ്രത്യേകത പ്രത്യയങ്ങളുടെ സമൃദ്ധിയും വൈചിത്ര്യവുമാണ്. സംസ്കൃതത്തിലെ കൃതികൃത്തുകളിൽ ചിലത് ഉദാഹരിക്കുന്നു.

ഹസ് — ഹാസ
പച് — പാക

| | | |
|---|---|---|
| ജി | — | ജയ |
| ഭീ | — | ഭയ |
| നീ | — | നയ |

ഇവയെല്ലാം മലയാളത്തിൽ അനുസ്വാരാന്തമായി പ്രയോഗിക്കുന്നു.
ഉദാ: ഹാസം — പാകം, ഭയം, ലയം.

| | | |
|---|---|---|
| ചിത് | — | ചേതസ് |
| പയഃ | — | പയസ് |
| യശ് | — | യശസ് |

ഈ പദങ്ങൾ മലയാളത്തിൽ ഇരട്ടിച്ച സകാരത്തിൽ അവസാനിക്കുന്നു.

| | | |
|---|---|---|
| ചുര് | — | ചോരണം |
| ആരാധ് | — | ആരാധനാ |
| പ്രാർത്ഥ് | — | പ്രാർത്ഥന |
| ചുദ് | — | ചോദനാ |
| ഭൂ | — | ഭാവനാ |
| കഥ | — | കഥനം |
| കൃ | — | കരണം |

ഇവയിൽ ചിലത് ആകാരാന്തമായും അനുസ്വാരാന്തമായും മലയാളത്തിൽ പ്രയോഗിക്കുന്നു.
ചിലത് അനുസ്വാരമായി മാത്രം.

| | | |
|---|---|---|
| ഭാവനാ | — | ഭാവനം |
| ആരാധനാ | — | ആരാധനം |
| ചോദന | — | ചോദനം |
| പീഡ് | — | പീഡനം |
| മന് | — | മനനം |
| ക്ഷണ് | — | ക്ഷണനം (ദ്രോഹിക്കൽ) |
| സ്നാ | — | സ്നാനം |
| പ്രചര് | — | പ്രചരണം (പ്രചരിക്കൽ)<br>പ്രചാരണം (പ്രചരിപ്പിക്കൽ) |

ഇവയെല്ലാം സംസ്കൃതത്തിലും മലയാളത്തിലും ഒരുപോലെ പ്രയോഗിക്കുന്നു. മലയാളത്തിൽ 'ക്ഷണിക്കൽ' എന്നർത്ഥത്തിൽ ക്ഷണനം (ഉദാ: ക്ഷണനപത്രം invitation) എന്ന് എഴുതിക്കാണാറുണ്ട്. അത് ശരിയായ പ്രയോഗമല്ല.

| | | |
|---|---|---|
| ഗാ | — | ഗീതി |
| ഭീ | — | ഭീതി |
| ആഹു | — | ആഹുതി (ബലി), അർപ്പണം |
| കൃ | — | കൃതി |
| സ്വപ് | — | സുപ്തി |
| പ്രവൃത് | — | പ്രവൃത്തി |
| മുച് | — | മുക്തി |
| വച് | — | ഉക്തി |
| ഭജ് | — | ഭക്തി |

സംസ്കൃതത്തിൽ ഇവയുടെ അന്ത്യത്തിൽ വിസർഗ്ഗം ഉണ്ട്. മലയാളത്തിൽ വിസർഗ്ഗം ഇല്ലാതെ പ്രയോഗിക്കുന്നു.

## 5.7 മലയാളത്തിൽ പ്രചാരത്തിലുള്ള കൃതികൃത്തുക്കൾ

'അൽ' എന്ന പ്രത്യയം ചേർത്ത് രൂപം.

| | | |
|---|---|---|
| തുപ്പ് | — | തുപ്പൽ |
| ചെയ്യ് | — | ചെയ്യൽ |

'തൽ' എന്ന പ്രത്യയം ചേർത്ത രൂപം.

| | | |
|---|---|---|
| കെടു | — | കെടുതൽ |
| വിടു | — | വിടുതൽ |

'പ്പ്' എന്ന പ്രത്യയം ചേർത്ത രൂപം.

| | |
|---|---|
| തേ | — തേപ്പു |
| കിട | — കിടപ്പ് |
| പാർ | — പാർപ്പ് |

'വ്' എന്ന പ്രത്യയം ചേർത്ത രൂപം:

| | |
|---|---|
| അറി | — അറിവ് |
| നോ | — നോവ് |
| നിന | — നിനവ് |

'ച' എന്ന പ്രത്യയം ചേർത്ത രൂപം:

| | |
|---|---|
| ചേർ | — ചേർച്ച |
| വീഴ് | — വീഴ്ച |
| ഉയർ | — ഉയർച്ച |

'തി' ചേർത്ത രൂപം:

| | |
|---|---|
| അറു | — അറുതി |
| പൊറു | — പൊറുതി |
| കെടു | — കെടുതി |

'ത്ത്' ചേർത്ത രൂപം:

| | |
|---|---|
| നെയ് | — നെയ്ത്ത് |
| പെയ് | — പെയ്ത്ത് |
| കൊയ് | — കൊയ്ത്ത് |

ദ്വിത്തവും അനുസ്വാരവും ചേർന്ന രൂപം:

| | |
|---|---|
| പിടി | — പിടിത്തം |
| വെളി | — വെളിച്ചം |
| കോട് | — കോട്ടം |
| ഏറ് | — ഏററം |

'അ' ചേർത്ത രൂപം:

| | |
|---|---|
| കൊട് | — കൊട |
| നില് | — നില |
| പടു | — പട |

'ഇ' ചേർന്ന രൂപം:

| | |
|---|---|
| കേളം | — കേളി |
| വേളം | — വേളി 'അം' ചേർന്ന |

'അം' ചേർന്ന രൂപം

| | |
|---|---|
| നീർ | — നീളം |
| ആഴ് | — ആഴം |

'മ' ചേർന്ന രൂപം:

| | |
|---|---|
| ഓർ | — ഓർമ്മ |
| കൂർ | — കൂർമ |
| താഴ് | — താഴ്മ |

'വി' ചേർന്ന രൂപം:

| | |
|---|---|
| മറ | — മറവി |
| പിറ | — പിറവി |
| തോൽ | — തോൽവി |

'ഇൽ' ചേർന്ന രൂപം:

| | |
|---|---|
| വേവ് | — വെയിൽ |
| തൂ | — തുയിൽ (തുയിർ) |

'പടി' ചേർത്ത രൂപം

നടപടി

'തല' ചേർന്ന രൂപം:

മറുതല

'മാനം' ചേർന്ന രൂപം:

തേമാനം

അടി, പിടി, കളി, കുളി, വിത, പൊടി ഇത്യാദി ക്രിയാധാതുക്കൾ തന്നെ കൃതികൃത്തുകളുടെ വൃത്തി വഹിക്കുന്നു.

| | | |
|---|---|---|
| പടു | — | പാട് |
| തിൻ | — | തിന് |
| ഉൺ | — | ഊണ് |
| ചുടു | — | ചൂട് |
| കെട് | — | കേട് |
| ഏറ് | — | ഏറ് |
| പൊര് | — | പോര് |

ഇത്യാദികളിൽ പദാദി വ്യഞ്ജനത്തിനു പരമായി വരുന്ന സ്വരവും പദാദി സ്വരവും ദീർഘിക്കുന്നു.

## 5.8 കാരകകൃത്തുക്കൾ

സംസ്കൃതത്തിൽ അ, അക, അന, ആക, ആനക, ആരു, ആലു, ഇ, ഇൻ, ഇഷ്ണു, ഉ, ഉക, ഉര, രു, ര, തൃ, വര, ഇത്യാദി പ്രത്യയങ്ങൾ ചേർക്കുന്നു. ഉദാഹരണങ്ങൾ

**അ**

| | | | |
|---|---|---|---|
| കൃ | — | കര | പ്രിയംകര |
| | | ദീർഘം വരുമ്പോൾ കാർ | പ്രിയംകാര |
| | | | ഗ്രന്ഥകാര |
| ഹൃ | — | ഹര | മനോഹര |
| | | ദീർഘം വരുമ്പോൾ ഹാര | ഭാരഹാര |
| വദ് | — | വദ | പ്രിയംവദ |
| | | ദീർഘം വരുമ്പോൾ വാദ | ന്യായവാദ |
| ഭൃ | — | ഭര | വിശ്വംഭര |
| ധൃ | — | ധര | ധുരംധര |
| സഹ് | — | സഹ | ശത്രുംസഹ |
| ജി | — | ജയ | ശത്രുംജയ |
| | | | മൃത്യുംജയ |
| പച് | — | പച | നഖംപച |
| (യ്+അ) മന് | — | മന്യ | പണ്ഡിതമ്മന്യ |
| | | | (പണ്ഡിതനെന്നു സ്വയം വിചാരിക്കുന്ന) |
| സൃ | — | സര | അഗ്രേസര |
| ഗമ് | — | ഗ | ഉരഗ |
| | | | ദുർഗ്ഗ |

**അക**

| | | | |
|---|---|---|---|
| നീ | + | അക | നായക |
| ഭൂ | + | അക | ഭാവക |
| വദ് | + | അക | വാദക |
| കൃഷ് | + | അക | കർഷക |

**അന**

| | | |
|---|---|---|
| സൃ | — | സരണ |
| ഭൂഷ് | — | ഭൂഷണ |
| മണ്ഡ് | — | മണ്ഡന |
| ദുഷ് | — | ദൂഷണ |

**ആക** വൃ — വരാക

**ആനക** ഭീ — ഭയാനക

ആലു ദയ് — ദയാലു
ശ്രദ്ധ — ശ്രദ്ധാലു
നിദ്രാ — നിദ്രാലു

ഇ ഭര് — ഭരി ഉദരംഭരി
മന് — മുനി (ചിന്തിക്കുന്നവർ)
(മകാരത്തോടു ഉ ചേർന്നിരിക്കുന്നു)

ധാ — ധിഃ പയോധിഃ

ഇന് ഉത്സാഹി (ന്) മലയാളത്തിൽ ഉത്സാഹി
അനുയായി (ന്) ,, അനുയായി
ശമി (ന്) ,, ശമി

ഇഷ്ണു ഉൽപത് + ഉഷ്ണു — ഉൽപതിഷ്ണു
സഹ് + ഇഷ്ണു — സഹിഷ്ണു

| ഉ-ധാതു | ഉച്ചരാപ്രകൃതി | കാരകകൃത്ത് |
|---|---|---|
| കൃ | ചികീർഷ (ചെയ്യാൻ ആഗ്രഹം) | ചികിർഷു (ചെയ്യാൻ ഇച്ഛിക്കുന്നവൻ) |
| ജി | ജിഗീഷ | ജിഗീഷു |
| ജ്ഞാ | ജിജ്ഞാസ | ജിജ്ഞാസു |
| ദശ് | ദിദൃക്ഷ | ദിദൃക്ഷു |

ഉ കാരത്തിന്റെ മററു ഉദാഹരണങ്ങൾ:

| | | |
|---|---|---|
| | സാധ് | സാധു |
| | സ്വാദ് | സ്വാദു |
| ഉക | ഹന് | ഘാതുക (ഹ കാരത്തിന്-'ഘ' ആദേശം വന്നിരിക്കുന്നു) |
| | കമ് | കാമുക |
| | പദ് | പാദുക |
| ഊക | ജാഗ്ര്+ഉക | ജാഗരൂക |
| ഉര | ഭാസ് | ഭാസുര |
| | മിദ് | മേദുര |
| തൃ | ജി | ജേതൃ ജേതാവ് മലയാളത്തിൽ |
| | നി | നേതൃ നേതാവ് നിർദ്ദേശികാ രൂപം |
| | ശ്രു | ശ്രോതൃ ശ്രോതാവ് |
| ര | നമ് | നമ്ര |
| | സ്മി | സ്മേര |
| | കമ് | കമ്ര |
| വര | നശ് | നശ്വര |
| | ഈശ് | ഈശ്വര |
| | സ്ഥാ | സ്ഥാവര |

മലയാളത്തിൽ കാരകകൃത്തുക്കൾക്ക് പ്രധാനപ്രത്യയങ്ങൾ 'അ' കാരവും 'ഇ' കാരവും ആകുന്നു. 'അ' കാര പ്രത്യയത്തിൽ നകാരം ചേർന്ന് 'അൻ' എന്നാവും.

| | | |
|---|---|---|
| അ | ചതി | ചതിയൻ |
| | കോട് | കോടൻ |
| | ഉരുൾ | ഉരുളൻ |
| | തുവര് | തുവരൻ |
| ഇ | തെണ്ട് | തെണ്ടി |
| | ഞൊണ്ട് | ഞൊണ്ടി |

ഇവയിൽ കർത്തൃകാരകം
എന്തിനെ അടയ്ക്കുന്നുർവോ അത് അടപ്പൻ (കർമ്മകാരകം)
എന്തുകൊണ്ട് അരിക്കുന്നുവോ അത് അരിപ്പൻ,അരിപ്പ (കാരണകാരകം)

**പുരോഗതി സ്വയം പരിശോധിക്കുക.4**

1. കൃത്തുക്കൾ എന്നാലെന്ത്? എത്ര വിധം!
2. മലയാളത്തിലെ കൃതികൃത്തുകൾക്ക് പത്ത് ഉദാഹരണമെഴുതുക.
3. കാരകകൃത്തുകൾക്ക് മലയാളത്തിൽനിന്ന് നാലു ഉദാഹരണമെഴുതുക.

## 5.9 പാഠസംഗ്രഹം

ഒരു വാക്യത്തിൽ നാനാവിധ ശബ്ദങ്ങൾ ഉണ്ടായിരിക്കും. വാക്യത്തിലെ ഓരോ പദത്തിന്റെയും പരസ്പര ബന്ധം നാം മനസ്സിലാക്കുന്നത് കാരകത്തിലൂടെയാണ്. ക്രിയാപദമാണ് വാക്യത്തിലെ കേന്ദ്രബിന്ദു. ക്രിയയോട് വാക്യത്തിലെ പദങ്ങൾക്കുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ഘടകമാണ് കാരകം. കർത്തൃകാരകം, കർമ്മകാരകം, സാക്ഷികാരകം, സ്വാമികാരകം, ഹേതുകാരകം, അധികരണകാരകം ഇങ്ങനെ ആറു കാരകമാണ് മലയാള ഭാഷയിൽ ഉള്ളത്. രണ്ടോ അതിലധികമോ പദങ്ങൾ കൂടിച്ചേർന്ന് ഒറ്റപ്പദമായി നില്ക്കുമ്പോൾ അതിനെ സമാസമെന്ന് പറയുന്നു. സമാസത്തിലെ ആദ്യത്തെ പദത്തിന് പൂർവ്വപദമെന്നും, രണ്ടാമത്തേതിന് ഉത്തരപദമെന്നും പറയും. അവ്യയീഭാവൻ, തൽപുരുഷൻ, ദ്വന്ദ്വൻ, ബഹുവ്രീഹി എന്നിവയാണ് സമാസങ്ങൾ. ഇവ സംസ്കൃത സമാസങ്ങളാകുന്നു. ക്രിയാ സമാസങ്ങൾ, കാരക സമാസങ്ങൾ എന്നിങ്ങനെ തനി മലയാള സമാസങ്ങളും പ്രയോഗത്തിൽ കണ്ടുവരുന്നു. നാമങ്ങളിൽനിന്നും വ്യുല്പന്നമായ പദങ്ങളാണ് തദ്ധിതം എന്ന വിഭാഗത്തിൽപ്പെടുന്നത്. തന്മാത്ര, തദ്വത്ത്, തോലന, പൂരണ എന്നിങ്ങനെ അതിന് നാലു ഭേദമുണ്ട്. ക്രിയാനിഷ്പന്നങ്ങളായ നാമരൂപങ്ങളാണ് കൃത്തുകൾ. സംസ്കൃതത്തിലെ കൃത്തുകൾ മലയാളത്തിൽ പ്രചുരമായി പ്രയോഗിച്ചു വരുന്നു. മലയാളത്തിലും തനതായ കൃതികൃത്തുകളും, കാരകകൃത്തുകളുമുണ്ട്.

## 5.10 പുരോഗതി സ്വയം പരിശോധിക്കുക— ഉത്തരം

1. നാമത്തിന് ക്രിയയോടുള്ള ബന്ധം കാണിക്കുന്നത് അഥവാ ക്രിയയോട് അന്വയിക്കുന്നത് കാരകം എന്ന് പറയാം.
2. മലയാളത്തിൽ താഴെപറയുന്ന കാരകങ്ങൾ ഉണ്ട്.

കർത്തൃകാരകം  ക്രിയചെയ്യുന്നതിനെ കുറിക്കുന്ന നാമം

ഉദാ: **ഞാൻ** പഠിക്കുന്നു.
**കുട്ടി** നിലവിളിക്കുന്നു.

കർമ്മകാരകം  ക്രിയ ആരെ ബാധിക്കുന്നു എന്ന് കാണിക്കുന്ന നാമം.

ഉദാ: രാമൻ **രാവണനെ** വധിച്ചു.
കുട്ടികൾ **മാമ്പഴം** തിന്നു.

സാക്ഷികാരകം  ക്രിയ എന്തിനോട് ബന്ധപ്പെടുന്നുവെന്ന് കുറിക്കുന്ന നാമം.

ഉദാ: ഗുരു **ശിഷ്യനോട്** കല്പിച്ചു.
നദി **സമുദ്രത്തോട്** ചേരുന്നു.

സ്വാമികാരകം  എന്തിന് ക്രിയ ഉതകുന്നുവോ അതിനെ കുറിക്കുന്ന നാമം.

ഉദാ: രാമൻ **സുഗ്രീവന്** അഭയം നല്കി.
അമ്മ **കുഞ്ഞിന്** പാൽ കൊടുത്തു.

ഹേതുകാരകം  ക്രിയ ആരാൽ സംഭവിച്ചു എന്നു കാണിക്കുന്ന നാമം.

ഉദാ: രാമൻ **ബാണത്താൽ** രാക്ഷസന്മാരെ നിഗ്രഹിച്ചു.
ശത്രു **ഭയത്താൽ** പിന്തിരിഞ്ഞോടി.

അധികരണകാരകം  ക്രിയയ്ക്ക് ആധാരം എന്ത് എന്നതിനെ കുറിക്കുന്ന നാമം

ഉദാ: **വീട്ടിൽ** ഒന്നും ഇല്ല.
**കാട്ടിൽ** വസിക്കാം.

## 5.11 പുരോഗതി സ്വയം പരിശോധിക്കുക.–4

ഇ) 1. ലിംഗം, വചനം, വിഭക്തി എന്നീ പ്രത്യയങ്ങൾ ഒറ്റയ്ക്കോ കൂട്ടായോ

ലോപിച്ച് രണ്ടോ അതിലധികമോ പദങ്ങൾ പരസ്പരം ചേരുന്നതിനെ സമാസം എന്ന് പറയാം. സംസ്കൃതത്തിൽ അവ്യയീഭാവൻ, തത്പുരുഷൻ, ദ്വന്ദ്വൻ ബഹുവ്രീഹി എന്നിങ്ങനെ സമാസത്തിന് നാലുഭേദം ഉണ്ട്. മലയാളത്തിൽ ഒന്നിലേറെ ക്രിയകൾ സമാസിക്കുന്നതിനെ ക്രിയാസമാസമെന്ന് പറയാം. ഒരു ക്രിയയും ഒരു നാമവും കൂട്ടി സമാസിക്കുമ്പോൾ കാരകസമാസമുണ്ടാകുന്നു.

2. 1. ഗുരൂപദേശം
   2. മഹാപുരുഷൻ
   3. കലാതല്പരൻ
   4. മാനംനോക്കി
   5. നാടോടിപ്പാട്ടുകൾ
   6. നോക്കുകുത്തി

3. 1. ആമരണം
   2. സസ്നേഹം
   3. നിർദ്ദോഷം
   4. അനുപമം
   5. യുവതീയുവാക്കന്മാർ
   6. പതിന്നാലു ലോകം
   7. ജാതിഭ്രഷ്ടൻ
   8. തിരസ്കൃതകാമുകൻ

**പുരോഗതി പരിശോധിക്കുക. 3**

ഉ) 1. നാമങ്ങളിൽനിന്നും ഭേദകങ്ങളിൽനിന്നും വ്യുല്പന്നമായ ശബ്ദങ്ങളെ തദ്ധിതങ്ങൾ എന്ന് പറയുന്നു.

2. 'മ', 'ത്ത', 'തരം', 'തന' എന്നിവ ചേർത്ത് മലയാളത്തിൽ തന്മാത്രതദ്ധിതനുണ്ടാക്കുന്നു.

ഉദാ: പുതുമ, പോഴത്തം, കള്ളത്തരം, വേണ്ടാതനം.

'അൻ', 'ഇ' എന്നീ പ്രത്യയം ചേർത്ത് തദ്വത്തദ്ധിതൻ ഉണ്ടാക്കുന്നു.

ഉദാ: മൂപ്പൻ, ആലങ്ങാടൻ, നാല്ക്കാലി, തേരാളി.

'ആം' എന്ന പ്രത്യയം ചേർത്ത് പൂരണതദ്ധിതൻ ഉണ്ടാക്കുന്നു.

ഉദാ: ഒന്നാം, രണ്ടാം.

സംസ്കൃതത്തിലെ തോലനതദ്ധിതനൊഴിച്ച് മറെറല്ലാ തദ്ധിതങ്ങളും മലയാളത്തിൽ കാണാം.

3. ശാരീരികം
   സാമൂഹികം
   രാമണീയകം
   ദൈന്യം
   ജാഡ്യം
   അടിമത്തം

4. മൗഢ്യം
   സൗഖ്യം
   പടുത്വം
   ജാഡ്യം

**പുരോഗതി സ്വയം പരിശോധിക്കുക. 4**

ക്രിയാനിഷ്പന്നമായ നാമരൂപങ്ങളെ കൃത്തുകൾ എന്നു പറയുന്നു. കൃതികൃത്തുകൾ എന്നും കാരകകൃത്തുകൾ എന്നും കൃത്തുകൾ രണ്ടു വിധം.

തുപ്പൽ, കെടുതൽ, തേപ്പ്, അറിവ്, ചേർച്ച, അറുതി, കൊയ്ത്, കോട്ടം, പട, നീളം.

ഉരുളൻ, ചതിയൻ, തെണ്ടി, അടപ്പൻ